# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :441 — 29.06.2012-ൽ മറുപടിയ്ക്ക്

## ഗ്രാമസഭയിലെ ജനപങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക്:<br>ശ്രീ.കെ.എൻ.എ.ഖാദർ:<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ.എം.ഉമ്മർ: | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകളിലെ ജനപങ്കാളിത്തക്കുറവിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ; | (ബി) ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറഞ്ഞു വരുന്നതിന്റെ കാരണങ്ങൾ താഴെ സൂചിപ്പിക്കുന്നവയാണ്.<br>(1)ഗ്രാമസഭകൾ മുൻകൂട്ടി പ്ലാൻ ചെയ്യുന്നില്ല.<br>(2)ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും താല്പര്യക്കുറവ്.<br>(3)ഗ്രാമസഭ കൂടുന്നത് സംബന്ധിച്ച് പൊതു അറിയിപ്പ് അല്ലാതെ ഓരോ കുടുംബത്തിനും നോട്ടീസ് പ്രത്യേകം നൽകുന്നില്ല.<br>(4)ഗ്രാമസഭയിൽ ഓരോ വിഷയവും അജണ്ട വെച്ച് വിശദമായി ചർച്ച ചെയ്യുന്നില്ല. വാർഷിക റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.<br>(5) ഗ്രാമസഭ തീരുമാനങ്ങൾക്ക് വേണ്ടത്ര പരിഗണന പഞ്ചായത്ത് ഭരണസമിതികൾ നൽകുന്നില്ല.<br>(6)വ്യക്തിഗത ആനുകൂല്യങ്ങൾ കിട്ടാൻ അർഹതയുള്ള കുടുംബങ്ങളാണ് കൂടുതലായി ഗ്രാമസഭകളിൽ പങ്കെടുക്കുന്നത്. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് തുടർന്ന് ആനുകൂല്യത്തിന് അർഹതയുണ്ടാവില്ലെന്ന് മനസ്സിലാക്കുന്നതിനാൽ പങ്കാളിത്തം കുറയാൻ കാരണമാകുന്നു. ഇക്കാരണത്താൽ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭകളിലൊഴികെ മറ്റ് ഗ്രാമസഭകളിൽ ബഹുജനപങ്കാളിത്തം കുറവാണ്.<br>(7)ഗ്രാമസഭകളോടുള്ള താൽപര്യമില്ലായ്മ, |

അവധി ദിവസങ്ങളിൽ ഗ്രാമസഭ സംഘടിപ്പിക്കാത്തത് എന്നിവ മൂലവും ജനപങ്കാളിത്തം കുറയുന്നു.

(8) വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാതെ വ്യക്തിഗത ആനുകൂല്യം ലഭിക്കുന്നതിനുള്ള വേദിയായി ഗ്രാമസഭകളെ നോക്കി കാണുന്നതുമൂലവും ഗ്രാമസഭാ നിർദ്ദേശങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ അർഹമായ പ്രാധാന്യം ലഭിക്കാത്തതും ആനുകൂല്യങ്ങൾ ലഭിക്കാൻ സാധ്യതയില്ലാത്ത എ.പി.എൽ. വിഭാഗങ്ങൾ ഗ്രാമസഭകളിൽ പങ്കെടുക്കാൻ വിമുഖത കാണിക്കുന്നതും ജനപങ്കാളിത്തം കുറയാനുള്ള കാരണങ്ങളാണ്.

(സി) ഗ്രാമസഭകളുടെ പ്രാധാന്യവും, ഉത്തരവാദിത്തവും സംബന്ധിച്ച് അംഗങ്ങളെ ബോധവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗ്രാമസഭകളുടെ പ്രാധാന്യവും ഉത്തരവാദിത്വവും സംബന്ധിച്ച് അംഗങ്ങളെ ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 134 നിയമസഭാ നിയോജക മണ്ഡലങ്ങളിലും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി പങ്കെടുക്കുന്ന ഗ്രാമയാത്രയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭ നടത്തി വരുന്നുണ്ട്. വിശേഷാൽ ഗ്രാമസഭ ചേരുന്നതിനു മുമ്പ് ആ നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേരുകയും വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. വിശേഷാൽ ഗ്രാമസഭയിൽ സഭ നടക്കുന്ന സ്ഥലത്തെ നാനാ തുറകളിൽപ്പെട്ട ജനവിഭാഗങ്ങളെ പങ്കെടുപ്പിക്കുന്നതിനാൽ ഗ്രാമസഭയുടെ പ്രാധാന്യത്തെകുറിച്ച് ജനങ്ങൾക്ക് വ്യക്തമായ അവബോധം ലഭ്യമാക്കാൻ ഇത് സഹായകമാകുന്നുണ്ട്.

2011 ഡിസംബർ മുതൽ 2012 ഫെബ്രുവരി വരെയുള്ള കാലഘട്ടത്തിൽ ഗ്രാമസഭാ അംഗങ്ങൾക്ക് (വോട്ടർമാർക്ക്) സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ പരിപാടികൾ കിലയുടെ നേതൃത്വത്തിൽ നടത്തി. 22 ലക്ഷത്തോളം പേർ പങ്കെടുത്തു. മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരും, എം.എൽ.എ. മാരും, എം.പി.മാരും പങ്കെടുത്തു.

(ഡി) ഗ്രാമസഭകളുടെ പ്രവർത്തനം വിജയകരമാക്കാൻപഞ്ചായത്ത് അംഗങ്ങൾക്ക് ഇപ്പോൾ നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ ഏന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടൽ, പ്രസിഡന്റുമായി ചർച്ച ചെയ്ത് സ്ഥലവും സമയവും നിശ്ചയിക്കൽ. ബ്ലോക്ക്, ജില്ലാപഞ്ചായത്ത് മെമ്പർമാർ. എം.എൽ.എ.മാർ എന്നിവരെ ക്ഷണിക്കൽ, ഗ്രാമസഭയുടെ നടത്തിപ്പ് എന്നിവ പഞ്ചായത്ത്

അംഗങ്ങളുടെ ഉത്തരവാദിത്തങ്ങളാണ്. കൂടാതെ 1/10 ഭാഗം അംഗങ്ങൾ ആവശ്യപ്പെട്ടാലും ഗ്രാമസഭവിളിച്ചുകൂട്ടുവാൻ പഞ്ചായത്ത് അംഗത്തിന് ബാധ്യതയുണ്ട്.

ഏതെങ്കിലും പദ്ധതിയോ, പ്രോജക്ടോ, പ്ലാനോ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ അതിനുള്ള അർഹതയുടെയുംമുൻഗണനാക്രമത്തിന്റെയും മാനദണ്ഡങ്ങൾ പദ്ധതിയിലോ, പ്രോജക്ടിലോ, പ്ലാനിലോ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പഞ്ചായത്ത് നിശ്ചയിച്ച് പരസ്യപ്പെടുത്തിയിട്ടുള്ളത് കൺവീനർ ഗ്രാമസഭായോഗങ്ങളിൽ അറിയിക്കേണ്ടതാണ്. ഗ്രാമസഭാ പ്രദേശത്തുനിന്നും അപേക്ഷിച്ചിട്ടുള്ളവരുടെ മുൻഗണനാക്രമത്തിലുള്ള കരട് ലിസ്റ്റ് ഗ്രാമസഭായോഗത്തിൽ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം അന്തിമ ലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്.

(ഇ) ഇക്കാര്യത്തിൽ സ്ത്രീ സമൂഹത്തിന്റെ സഹകരണം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഇ) സ്ത്രീ സമൂഹത്തിന്റെ സഹകരണം ഉറപ്പു വരുത്തുവാൻ ഗ്രാമസഭാ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പു വരുത്തുക, ഒരു സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ചയ്ക്ക് വിധേയമാക്കുക, അയൽക്കൂട്ടപ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘടനാ ചുമതല ഏൽപ്പിക്കുക, അംഗൻവാടി ജീവനക്കാർ, എസ്.സി/എസ്.ടി പ്രോമോട്ടർമാർ എന്നിവർക്ക് സംഘടനാ ചുമതല നൽകുക, ജനപങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നതിനായി മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽവേദികൾ, കുടുംബശ്രീ ശൃംഖല, റസിഡൻഷ്യൽ അസ്സോസിയോഷനുകൾ എന്നിവ മുഖേന പ്രത്യേകമായും വേണ്ടത്ര പ്രചാരണം നടത്തി ഗ്രാമസഭകൾക്കു, മുന്നോടിയായ അനുകൂല സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ഗ്രാമസഭകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമാക്കുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പും കിലയും ചേർന്ന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തിലും ഗ്രാമസഭാ/വാർഡ് സഭാ മെമ്പർമാർക്കുള്ള പരിശീലനം നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ